പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 227 10.12.2012-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സത്നംസിങ്ങിന്റെ മരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം വള്ളിക്കാവ് ആശ്രമത്തിൽ ദർശനത്തിനെത്തിയ ബീഹാർ സ്വദേശി സത്നംസിങ്ങ് മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച പോലീസ് അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ; | (എ) 1.8.2012 - ാം തീയതി പകൽ 1 മണി സമയത്ത് സത്നാംസിംഗ് മാൻ എന്നയാൾ കൊല്ലം വള്ളിക്കാവ് അമൃതപുരിയിൽ എത്തി അവിടെ ഭക്തർക്ക് ദർശനം നടത്തിക്കൊണ്ടിരുന്ന അമ്മയെ ആക്രമിക്കാൻ ശ്രമിച്ചതിലേക്ക് ടിയാനെ അറസ്റ്റ് ചെയ്യുകയും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നം 1832/2012 u/s 452, 332, 307 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ പരിശോധനയ്ക്ക് ശേഷം കരുനാഗപ്പള്ളി JFM കോടതിയിൽ ഹാജരാക്കിയ പ്രതിയെ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കാൻ ഉത്തരവായതിനെ തുടർന്ന് 2.8.2012 ൽ കൊല്ലം ജില്ലാ ജയിലിൽ കൊണ്ടുപോയി. രാത്രി 11.30 മണിയോട്ടുകൂടി അക്രമ സ്വഭാവം കാണിച്ചതിനെ തുടർന്ന് ടിയാനെ ചികിത്സയ്ക്കായി കൊല്ലം ജില്ലാ ആശുപത്രിയിലും അവിടെ നിന്ന് റഫർ ചെയ്ത പ്രകാരം 3.8.2012 വെളുപ്പിന് 2.15 മണിക്ക് തിരുവനന്തപുരം മെന്റൽ ഹെൽത്ത് സെന്ററിൽ (MHC) കൊണ്ടുവരികയും ഡോക്ടർ പരിശോധിച്ച്, MHC യിലെ ഫോറൻസിക് വാർഡിൽ ഏഴാം നമ്പർ സെല്ലിൽ ഒറ്റയ്ക്ക് പാർപ്പിച്ചിരുന്നതും, 4.8.2012 ൽ ഉച്ചയ്ക്ക് 1 മണിക്ക് ലാലു |

എന്ന Working Patient നെ കൂടി · പ്രസ്തുത സെല്ലിൽ ടിയാനൊപ്പം പാർപ്പിക്കുകയും ചെയ്തു. അന്ന് വൈകിട്ട് 4 മണി കഴിഞ്ഞ സമയം സത്താംസിംഗ് മാനും കൂടെ പാർപ്പിച്ചിരുന്ന ലാലും തമ്മിൽ പിടിവലി കൂടുന്നത് കണ്ട് ജീവനക്കാരായ (1) അറ്റന്റർ അനിൽകുമാർ (2) ജയിൽ വാർഡൻ വിവേകാനന്ദൻ, (3) Working Patient മാരായ മഞ്ചേഷ് (4) ബിജു, (5) പ്രതീഷ് @ ശരത് പ്രകാശ്, (6) ദിലീപ് എന്നിവർ കേബിൾ വയർ, ചൂരൽ വടി, പൂട്ടും താക്കോലും എന്നിവയുമായി ഏഴാം നമ്പർ സെല്ല് തുറന്ന് പ്രവേശിച്ച് പിടിവലി കൂടുന്നതിൽ നിന്നും പിൻതിരിപ്പിക്കുവാൻ ശ്രമിക്കവെ ടിയാൻമാർക്കും പരിക്കേൽക്കുകയും ആയതിൽ വച്ചുള്ള വിരോധത്താൽ മേൽ പറയുന്ന ഒന്നു മുതൽ ആറ് വരെയുള്ള പ്രതികൾ എല്ലാവരും കൂടി സത്താംസിംഗ് മാനെ അടിച്ചും ഇടിച്ചും തലപിടിച്ച് ഭിത്തിയിൽ ഇടിച്ചും ദേഹോപദ്രവം ഏൽപ്പിച്ചും അവശനിലയിലാക്കിയ ശേഷം വീണ്ടും സെല്ല് പൂട്ടി പോകുകയും പിന്നിട് അബോധാവസ്ഥയിൽ കണ്ട സത്താംസിംഗ് മാനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ട് പോയി പരിശോധിച്ച സമയം 4.8.12 രാത്രി 8.30 മണിക്ക് ടിയാനേറ്റ പരിക്കിന്റെ കാഠിന്യം നിമിത്തം മരണപ്പെട്ട് പോയതായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്.

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നുള്ള എത്രപേരിൽനിന്നും അന്വേഷണസംഘം വിവരം ശേഖരിക്കുകയുണ്ടായി; മരണകാരണം എന്തായിരുന്നുവെന്ന് വ്യക്തമായിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി - അമൃതപുരി ( അമൃതാനന്ദമയി മഠം) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ, കൊല്ലം ജില്ലാ ജയിൽ, തിരുവനന്തപുരം സെൻട്രൽ ജയിൽ, കൊല്ലം ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, വർക്കല ശിവഗിരി മഠം, മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ബീഹാറിലെ സത്താംസിംഗ്

| | | | |
|---|---|---|---|
| | | | മാൻ ജനിച്ച ഗയ തുടങ്ങിയ സ്ഥലങ്ങളിലെ 150 ൽ പരം ആളുകളിൽ നിന്നും വിവരം ശേഖരിക്കുകയുണ്ടായി. ടിയാന്റെ മരണ കാരണം തലയ്ക്കും കഴുത്തിനും മാരകമായി ഏറ്റ ആഘാതത്താലാണെന്ന് വെളിവായിട്ടുണ്ട്. |
| (സി) | മരണത്തിന് കാരണക്കാരായവർ ആരൊക്കെയാണെന്നാണ് പോലീസ് കണ്ടെത്തിയിരിക്കുന്നത്; | (സി) | (1)അറ്റന്റർ അനിൽകുമാർ (2) ജയിൽ വാർഡൻ വിവേകാനന്ദൻ, (3) Working Patient മാരായ മഞ്ചേഷ് (4) ബിജു, (5) പ്രതീഷ് @ ശരത് പ്രകാശ്, (6) ദിലീപ് എന്നിവരാണ് മരണത്തിന് കാരണക്കാരായി വെളിവായിട്ടുള്ളത്. |
| (ഡി) | മൃതദേഹം സർക്കാർ ചെലവിൽ ബീഹാറിലേയ്ക്ക് കൊണ്ടു പോവുകയുണ്ടായോ; എന്ത് തുക ഇതിനായി ചെലവായിട്ടുണ്ട്; | (ഡി) & (ഇ) | സർക്കാർ ചെലവിലാണ് മൃതദേഹം ബീഹാറിലേയ്ക്ക് കൊണ്ടു പോയത്. 17.11.2012-ലെ സർക്കാർ ഉത്തരവ്(സാധാ)നം. No. 9551/ 12/ GAD പ്രകാരം 44,385/- രൂപ ഇതിനായി അനുവദിക്കുകയുമുണ്ടായി. |
| (ഇ) | ചെലവ് സർക്കാർ വഹിക്കാനിടയായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ ? | | |

Mathew

സെക്ഷൻ ഓഫീസർ